# സഹായം:അക്കാദമിക മാസ്റ്റർപ്ലാൻ

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

സ്കൂളിന്റെ മികവ്, പോരായ്മ, മറികടക്കുന്നതിനുള്ള നടപടികൾ, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി സ്കൂൾ വിക്കിയിൽ ചേർക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കാണുക.

- സർക്കുലറും സഹായഫയലും
- **മാസ്റ്റർപ്ലാൻ സ്കൂൾവിക്കിയിൽ ചേർക്കുന്നതെങ്ങനെ?** [വീഡിയോ സഹായി]

(Ctrl ബട്ടൺ ഞെക്കിപ്പിടിച്ച് മുകളിലെ വീഡിയോ സഹായി എന്നതിൽ ക്ലിക്ക് ചെയ്താൽ വീഡിയോ തുറന്നുവരും. അതും കാണുക)

### പ്രവർത്തനം 1 - ഫയൽ തയ്യാറാക്കൽ

- പി.ഡി.എഫ്. ഫയൽ ആയിട്ടാണ് മാസ്റ്റർപ്ലാൻ സ്കൂൾവിക്കിയിൽ ചേർക്കേണ്ടത്.
- ഒറ്റ ഫയലായി മാത്രം ചേർക്കുക. ഒന്നിൽക്കൂടുതൽ pdf ഫയലുകളെ ചേർത്ത് ഒറ്റ ഫയലാക്കുന്നതിന് ഉബുണ്ടുവിൽ ലഭ്യമായ PDF SHUFFLER, PDF ARRANGER മുതലായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാം. അല്ലെങ്കിൽ ഇവിടെയുള്ള Merge pdf എന്ന ടൂൾ ഉപയോഗിക്കുക.
- File size 4.8 MB യിൽത്താഴെ ആയിരിക്കണം. File SIze കൂടുതലാണെങ്കിൽ ഇവിടെയുള്ള https://www.ilovepdf.com/compress_pdf ഉപയോഗിച്ച് File Size ചെറുതാക്കാം.

### പ്രവർത്തനം 2 -ഫയൽനെയിം തയ്യാറാക്കൽ

- File name ൽ SchoolCode-DistrictCode-AMP2025.pdf എന്നായിരിക്കണം. ( hyphen symbol ഉപയോഗിച്ച് വേർതിരിക്കണം, വാക്കുകൾക്കിടയിൽ സ്പേസ് നൽകരുത്. File name **ഇതേ ഫോർമാറ്റിൽ നൽകിയാൽ മാത്രമേ പേജിൽ കണ്ണിചേർക്കപ്പെടുകയുള്ളൂ എന്ന് പ്രത്യേകം ശ്രദ്ധിക്കുക.** )
- ജില്ലാകോഡ് പട്ടിക കാണുക

**ഫയൽനാമം ഉദാഹരണം:** തിരുവനന്തപുരം ജില്ലയിലെ 98987 എന്ന സ്കൂൾ കോഡുള്ള വിദ്യാലയത്തിന്റെ മാസ്റ്റർപ്ലാൻ File name
98987-TVM-AMP2025.pdf എന്നായിരിക്കും.

| District | Code |
|---|---|
| തിരുവനന്തപുരം | TVM |
| കൊല്ലം | KLM |
| പത്തനംതിട്ട | PTA |
| ആലപ്പുഴ | ALP |
| കോട്ടയം | KTM |
| ഇടുക്കി | IDK |
| എറണാകുളം | EKM |
| തൃശ്ശൂർ | TSR |
| പാലക്കാട് | PKD |
| മലപ്പുറം | MLP |
| കോഴിക്കോട് | KKD |
| വയനാട് | WYD |
| കണ്ണൂർ | KNR |
| കാസർഗോഡ് | KGD |

## പ്രവർത്തനം 3 - ഫയൽ അപ്‌ലോഡിങ്

- ലോഗിൻ ചെയ്തശേഷം, പ്രധാനമെനുവിലെ അപ്‌ലോഡ് എന്ന കണ്ണി തുറക്കുമ്പോൾ ലഭിക്കുന്ന പേജ് വഴി ഫയൽ ചേർക്കുക.
- അപ്ലോഡ് പേജിലെ ചുരുക്കം എന്നതിൽ, Academic Master Plan 2025-26 എന്ന് നൽകുക.
- പകർപ്പവകാശ വിവരങ്ങൾ എന്നതിൽ നിന്നും **ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷൻ-ഷെയർ എലൈക്** 4.0 ( CC-BY-SA-4.0 ) എടുക്കുക
- അപ്‌ലോഡ് ചെയ്യുന്ന പേജിൽ **വർഗ്ഗം** ചേർക്കേണ്ടയിടത്ത് Academic Masterplan 2025 എന്ന് ചേർക്കുക (Academic എന്ന് ടൈപ്പ് ചെയ്യാനാരംഭിക്കുമ്പോൾത്തന്നെ വർഗ്ഗം അവിടെ pop up ചെയ്യും. ശരി എന്നതിൽ ക്ലിക്ക് ചെയ്യുക), കൂടാതെ, **സ്കൂൾകോഡ് കൂടി** വീണ്ടും വർഗ്ഗമായി ചേർക്കുക.
- കാറ്റഗറി (വർഗ്ഗം) ചേർക്കാനുള്ള ഓപ്ഷൻ കാണുന്നില്ലായെങ്കിൽ, അത് ലഭിക്കുന്നതിന് ഇവിടെ ക്ലിക്ക് ചെയ്ത് **ക്രമീകരണങ്ങൾ പേജിലെ ഗാഡ്ജറ്റ് ടാബിലെ എല്ലാ ഓപ്ഷനും ടിക് മാർക്ക് നൽകി സേവ് ചെയ്യുക.**
- **പ്രമാണം അപ്‌ലോഡ് ചെയ്യുക**
- പ്രമാണത്തിന്റെ ഫയൽനാമം മുഴുവനായി Copy ചെയ്യുക.

## പ്രവർത്തനം 4 - ഫയൽ പേജിൽ ഉൾപ്പെടുത്തൽ

- സ്വന്തം വിദ്യാലയപേജിലെ **പ്രോജക്ടുകൾ (Projects)** എന്ന വിഭാഗത്തിലെ **അക്കാദമിക മാസ്റ്റർപ്ലാൻ** എന്ന കണ്ണി തുറക്കുക.
- **സൃഷ്ടിക്കുക** എന്നതിൽ ക്ലിക്ക് ചെയ്യുക.
- **അക്കാദമിക മാസ്റ്റർപ്ലാൻ** 2025 എന്ന് ടൈപ്പ് ചെയ്ത് അത് **സെലക്റ്റ് ചെയ്യുക.**

- മുകളിലെ ടൂൾബാറിലെ **കണ്ണി (Link)**  ടൂളിൽ ക്ലിക്ക് ചെയ്യുക.
- തുറന്നുവരുന്ന Pop-up വിൻഡോയിലെ **അക്കാദമിക മാസ്റ്റർപ്ലാൻ 2025** എന്നത് Delete ചെയ്ത് പ്രമാണത്തിന്റെ ഫയൽനാമം (അപ്‌ലോഡ് ചെയ്തശേഷം Copy ചെയ്തത്) Paste ചെയ്യുക.
- സേവ് ചെയ്യുക.
- പേജിന്റെ എറ്റവും താഴെ കാണുന്ന വർഗ്ഗങ്ങൾ (++): (+) എന്നതിലെ + അടയാളം ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്നയിടത്ത് Academic Masterplan 2025

എന്ന് ചേർക്കുക (Academic എന്ന് ടൈപ്പ് ചെയ്യാനാരംഭിക്കുമ്പോൾത്തന്നെ വർഗ്ഗം അവിടെ pop up ചെയ്യും. ശരി എന്നതിൽ ക്ലിക്ക് ചെയ്യുക).

- പ്രവർത്തനം പൂർത്തിയായി.